**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4246** **18-03-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച എഴുത്തോംപാറ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 16/06/2019 ൽ കിഫ്ബി 5.96 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28/11/2020 ൽ കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും, ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനെ തുടർന്ന് (പദ്ധതികാവശ്യമായ ഭൂമി ഫ്രീ സറണ്ടറായിട്ടാണ് ശിപാർശ ചെയ്തിട്ടുള്ളത്) പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ നഷ്ടോത്തരവാദിത്തമില്ലാതെ കരാർ അവസാനിപ്പിച്ചിരുന്നു. തുടർന്ന് 1260 മീറ്റർ അപ്രോച്ച് റോഡ് ഉൾപ്പെടുത്തിയും DSR റിവിഷൻ, GST വേരിയേഷൻ എന്നിവയും ഉൾപ്പെടുത്തി പദ്ധതിയുടെ പുതുക്കിയ ശിപാർശ എസ്.പി.വിയായ കേരള റോഡ് ഫണ്ട് ബോർഡ് അനുമതിക്കായി സമർപ്പിക്കുകയും, പരമാവധി പദ്ധതി തുക കുറയ്ക്കേണ്ടതാണെന്നും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കേണ്ട സാധ്യത പരിശോധിക്കേണ്ടതാണെന്നും, അതിന് കിഫ്ബിയുടെ അനുമതി മുൻകൂട്ടി വാങ്ങേണ്ടതാണെന്നുമുള്ള നിബന്ധനയോടെ 13/03/2024 ൽ 14.36 കോടി രൂപയുടെ എസ്റ്റിമേറ്റിന് തത്ത്വത്തിൽ അനുമതി നൽകി പദ്ധതിയുമായി മുന്നോട്ട് പോകാൻ കിഫ്ബി അനുവാദം നൽകിയിരുന്നു.<br><br>തുടർന്ന് എഴുത്തോമ്പാറ പാലത്തിന്റെ അപ്രോച്ച് റോഡ് അരപ്പാറ സ്കൂൾ വരെ പരിമിതപ്പെടുത്തികൊണ്ട് നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് 10.23 കോടി രൂപയ്ക്ക് 14/03/2025ൽ ൽ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതിയുടെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് പ്രവൃത്തി ആരംഭിയ്ക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കോങ്ങാട് നിയോജക മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 16/06/2019 ൽ കിഫ്ബി 5.96 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28/11/2020 ൽ കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും, ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനെ തുടർന്ന് (പദ്ധതിക്കാവശ്യമായ ഭൂമി ഫ്രീ സറണ്ടറായിട്ടാണ് ശിപാർശ ചെയ്തിട്ടുള്ളത്) പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ നഷ്ടോത്തരവാദിത്തമില്ലാതെ കരാർ അവസാനിപ്പിച്ചിരുന്നു. തുടർന്ന് 1260 മീറ്റർ അപ്രോച്ച് റോഡ് ഉൾപ്പെടുത്തിയും DSR റിവിഷൻ, GST വേരിയേഷൻ എന്നിവയും ഉൾപ്പെടുത്തി പദ്ധതിയുടെ പുതുക്കിയ ശിപാർശ എസ്.പി.വിയായ കേരള റോഡ് ഫണ്ട് ബോർഡ് അനുമതിക്കായി സമർപ്പിക്കുകയും, പരമാവധി പദ്ധതി തുക കുറയ്ക്കേണ്ടതാണെന്നും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കേണ്ട സാധ്യത പരിശോധിക്കേണ്ടതാണെന്നും, അതിന് കിഫ്ബിയുടെ അനുമതി മുൻകൂട്ടി വാങ്ങേണ്ടതാണെന്നുമുള്ള നിബന്ധനയോടെ 13/03/2024 ൽ 14.36 കോടി രൂപയുടെ എസ്റ്റിമേറ്റിന് തത്ത്വത്തിൽ അനുമതി നൽകി പദ്ധതിയുമായി മുന്നോട്ട് പോകാൻ കിഫ്ബി അനുവാദം നൽകിയിരുന്നു.<br><br>തുടർന്ന് എഴുത്തോമ്പാറ പാലത്തിന്റെ അപ്രോച്ച് റോഡ് അരപ്പാറ സ്കൂൾ വരെ പരിമിതപ്പെടുത്തികൊണ്ട് നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് 10.23 കോടി രൂപയ്ക്ക് 14/03/2025ൽ ൽ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ധനാനുമതിയുടെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ